**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 228** **29-01-2024 - ൽ മറുപടിയ്ക്ക്**

**ശസ്ത്രക്രിയയ്ക്കിടെ ശസ്ത്രക്രിയാ ഉപകരണങ്ങൾ ശരീരത്തിനുള്ളിൽ കുടുങ്ങുന്ന സംഭവങ്ങളിൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആശുപത്രികളിൽ ശസ്ത്രക്രിയയ്ക്കിടെ ശസ്ത്രക്രിയാ ഉപകരണങ്ങൾ ശരീരത്തിനുള്ളിൽ കുടുങ്ങുന്ന സംഭവങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങളിൽ ഉത്തരവാദികളാകുന്നവർക്കെതിരെ എന്ത് നടപടിയാണ് ആരോഗ്യ വകുപ്പ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ 04.09.2020 ന് പ്രസവ ശസ്ത്രക്രിയയ്ക്ക് വിധേയയായ ശ്രീമതി.അൽഫീന അലി എന്ന യുവതിയുടെ വയറിനുള്ളിൽ കോട്ടൺ അവശിഷ്ടങ്ങൾ കണ്ടെത്തിയിരുന്നു. പ്രസ്തുത ശസ്ത്രക്രിയ നടത്തിയ ഗൈനക്കോളജിസ്റ്റ്, ഡോ.ഗീത ജി.നായർ -ക്കെതിരെ ടിയാൾ സർവ്വീസിൽ നിന്നും അടിത്തുൺപറ്റി പിരിഞ്ഞതിനാൽ, കെ.എസ്.ആർ ഭാഗം III ചട്ടം 59(b) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുകയും, ടിയാളുടെ മാസ പെൻഷനിൽ നിന്നും 500 രൂപ ആജീവനാന്തം തടഞ്ഞുകൊണ്ട് ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പ കൽപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ശസ്ത്രക്രിയ നടത്തിയ അനസ്തേറ്റിസ്റ്റ് ഡോ.സന്തോഷ് ബാബുവിനെതിരെ കെ.സി.എസ്.(സി.സി&എ)ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്.<br><br>2017-ൽ നവംബർ 30 ന് കോഴിക്കോട് മെഡിക്കൽ കോളേജിൽ വച്ച് നടന്ന സിസേറിയൻ ശസ്ത്രക്രിയയ്ക്കിടെ വയറ്റിൽ സർജിക്കൽ സിസർ മറന്നു വെച്ച് തുന്നിക്കെട്ടിയെന്ന ശ്രീമതി ഹർഷിനയുടെ പരാതിയിന്മേൽ വകുപ്പ് തലത്തിൽ രണ്ട് തവണ അന്വേഷണം നടത്തി എങ്കിലും പ്രസ്തുത അന്വേഷണ റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാലും ശസ്ത്രക്രിയ ഉപകരണം ഏത് അവസരത്തിലാണ് വയറ്റിൽ കുടുങ്ങിയതെന്ന് കണ്ടെത്തുന്നതിന് കഴിയാത്ത സാഹചര്യത്തിലും ഇത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിനെ കൊണ്ട് അന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. അതോടൊപ്പം ചികിത്സാപിഴവ് സംബന്ധിച്ച് ഉത്തരവാദികളായവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ മെഡിക്കൽ കോളേജിൽ ശ്രീ.ജോസഫ് പോൾ എന്ന വ്യക്തിയ്ക്ക് പാൻക്രിയാസിന്റെ ഓപ്പറേഷനിടെ ഫോർസെപ്സ് ശരീരത്തിനുള്ളിൽ കുടുങ്ങിയത് സംബന്ധിച്ച് ലഭിച്ച പരാതിയിൽ തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയം മുഖേന അന്വേഷണം നടത്തുകയും ടി അന്വേഷണ റിപ്പോർട്ട് പ്രകാരം സർജറി നടത്തിയ ഡോക്ടർമാർ, സർജറി സമയത്ത് കൂടെ ഉണ്ടായിരുന്ന നഴ്സ് ഉൾപ്പെടെ ഉള്ളവർ കുറ്റക്കാർ ആണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നേരിട്ട് നാലംഗ അന്വേഷണ കമ്മീഷനെ നിയോഗിച്ച് അന്വേഷണം നടത്തുകയും പ്രിൻസിപ്പൽ തലത്തിൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ടിനെ ശരിവയ്ക്കുന്ന രീതിയിൽ പ്രസ്തുത ശസ്ത്രക്രിയയിൽ പങ്കെടുത്ത അനസ്തേഷ്യസ്റ്റ് ഒഴികെ ബാക്കിയുള്ള ടീം അംഗങ്ങൾക്ക് കൂട്ടുത്തരവാദിത്വമുണ്ടെന്ന് നിഗമനത്തിൽ എത്തുകയും ചെയ്തിരുന്നു. കുറ്റക്കാരായി കണ്ടെത്തിയവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്.<br><br>നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സിസേറിയന് വിധേയയായ ശ്രീമതി.ജീതു.എസ്.ന്റെ വയറ്റിനുള്ളിൽ ഗൗസ് പീസ് അകപ്പെട്ടതുമായി ബന്ധപ്പെട്ട് ലഭ്യമായ പരാതിയിന്മേൽ ജില്ലാ എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയും ഡോക്ടറുടെ ഭാഗത്ത് ചികിത്സാ പിഴവ് സംഭവിച്ചിട്ടുള്ളതായിട്ടുള്ള എക്സ്പേർട്ട് സമിതിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (ബി) | ഇത്തരം സംഭവങ്ങളാൽ പ്രയാസമനുഭവിക്കുന്നവർക്ക് സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരമോ ധനസഹായമോ നൽകാറുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രീമതി ഹർഷിനയ്ക്ക് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് നിലവിൽ ഇത്തരം സംഭവങ്ങളാൽ പ്രയാസമനുഭവിക്കുന്ന എത്ര പേരുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇവർക്ക് നാളിതുവരെ എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട്; എന്തെല്ലാം സഹായങ്ങൾ നൽകാൻ ശേഷിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഉത്തരം (ബി) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ